DESPATCHED
On..03/02/2020



7/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 347(6)/2015/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.3925/*എസ്.ഐ.സി–ജി 5/2015*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ.ജി.പി. പത്മകുമാർ,
TC- 30/823, കോട്ടുവിളാകം വീട്,
പേട്ട., തിരുവനന്തപുരം — പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
എഞ്ചിനീയറിംഗ് ഡി സെക്ഷൻ,
തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം — എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29/01/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/04/2015 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 12/03/2015 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 12/03/2015 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 02/11/2019, 03/01/2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി(03/01/2020) |

ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.ജി.പി.പത്മകുമാർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 19/12/2014-ൽ എൽ.എസ്.ജി.ഡി-ൽ നിന്നും ഉത്തരവായെങ്കിലും ഇതുവരെ എന്തു നടപടി എടുത്തെന്നും എന്തുകൊണ്ട് നടപടി എടുക്കാൻ താമസിക്കുന്നു എന്നും ആണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നഗരസഭാ സെക്രട്ടറിക്കെതിരെ ഹർജിക്കാരൻ ഫയൽ ചെയ്ത ബഹു.ട്രൈബ്യൂണലിലെ അപ്പീൽ നമ്പർ.13/2014 കേസിന്റെ 18/12/2014-ൽ വന്ന ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ അറിയുന്നതിന് വേണ്ടിയാണ് ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയിരുന്നത് എന്നും മേൽപ്പടി അപേക്ഷയിന്മേൽ ഹർജിക്കാരന് മറുപടി നൽകിയിരുന്നു എന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന അനധികൃത നിർമ്മാണം(ടോയ്ലെറ്റ്) ബഹു.കോടതി ഉത്തരവ് പ്രകാരം പൊളിച്ച് മാറ്റിയിട്ടുള്ളതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിരുന്നതായും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽപ്പടി മറുപടിയുടെ പകർപ്പ് ഹർജിക്കാരന് വീണ്ടും അയച്ചുകൊടുത്തിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ, മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bm

RIGHT TO INFORMATION